C-DRN-N-L-OBMA

CS (Main) Exam : ,2014

# MALAYALAM

## Paper I

## ( LITERATURE )

*Time allowed :* ***Three*** *Hours*

*Maximum Marks :* ***250***

---

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are* ***EIGHT*** *questions divided in* ***TWO SECTIONS****.*

*Candidate has to attempt* ***FIVE*** *questions in all.*

*Questions no.* ***1*** *and* ***5*** *are compulsory and out of the remaining,* ***THREE*** *are to be attempted choosing at least* ***ONE*** *from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in* ***MALAYALAM****.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in chronological order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the answer book must be clearly struck off.*

---

munotes.in

## SECTION A

**Q1.** താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും ഏകദേശം **നൂറ്റമ്പത് വാക്കുകളിൽ** ഉത്തരമെഴുതുക : *10×5=50*

(a) മലയാള ഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ച് എ.ആർ. രാജരാജവർമ്മ രൂപപ്പെടുത്തിയ ആറ് നയങ്ങൾ ഏവ ? വിവരിക്കുക. *10*

(b) കൃഷ്ണഗാഥയിലെ ഭാഷയുടെ സ്വഭാവം വ്യക്തമാക്കുക. ആ ഭാഷ അക്കാലത്തെ മറ്റു കാവ്യങ്ങളിൽ നിന്നും വ്യത്യസ്തമാവുന്നത് എങ്ങനെ ? *10*

(c) തെക്കൻപാട്ടിലെയും വടക്കൻപാട്ടിലെയും ഭാഷ താരതമ്യം ചെയ്യുക. *10*

(d) എഴുത്തച്ഛന്റെ ഭാഷയ്ക്ക് മലയാള ഭാഷാചരിത്രത്തിലുള്ള സ്ഥാനമെന്ത് ? *10*

(e) കമ്പ്യൂട്ടറിന്റെ ആവിർഭാവത്തോടുക്കൂടി മലയാളത്തിലുണ്ടായ നൂതന പ്രവണതകളെക്കുറിച്ച് വിലയിരുത്തി ഒരു ഉപന്യാസം തയ്യാറാക്കുക. *10*

**Q2.** (a) പാട്ടിനു് ലീലാതിലകകാരൻ നല്കുന്ന നിർവ്വചനമെന്തു് ? രാമചരിതത്തിൽ നിന്നു് നിരണം കൃതികളിലേക്കു് വരുമ്പോൾ പാട്ടുഭാഷയ്ക്കു് സംഭവിക്കുന്ന പരിണാമം എന്തൊക്കെ ? *20*

(b) ഭാഷാകൗടലീയത്തിന്റെയും ബ്രഹ്മാണ്ഡപുരാണത്തിന്റെയും ഭാഷാപരമായ പ്രത്യേകതകൾ വിവരിക്കുക. *20*

(c) ആധുനിക കാലത്തു് മലയാളഭാഷയ്ക്കു് സ്വത്വം നഷ്ടപ്പെടുന്നു എന്നു് ആശങ്കപ്പെടുന്നതിൽ യാഥാർത്ഥ്യമുണ്ടോ ? എങ്കിൽ മലയാള ഭാഷയുടെ പദാവലിയിൽ ഉണ്ടാകുന്ന പരിവർത്തനങ്ങളെയടിസ്ഥാനമാക്കി വിലയിരുത്തുക. *10*



munotes.in

**Q3.** (a) മണിപ്രവാളം എന്നാലെന്തു് ? പ്രാചീനമണിപ്രവാളത്തിന്റെ ഭാഷ മദ്ധ്യകാലമണിപ്രവാളത്തിൽ നിന്നു് വ്യത്യസ്തമാവുന്നുണ്ടോ ? വിവരിക്കുക. *20*

(b) മിഷനറിമാരുടെ ഗദ്യം മലയാളഭാഷയുടെ പരിണാമത്തെ എത്രത്തോളം സഹായിച്ചിട്ടുണ്ടു് ? വിശദമാക്കുക. *20*

(c) പത്രഭാഷ, ദൃശ്യ-ശ്രവ്യഭാഷ (ടി.വി., റേഡിയോ എന്നിവ) എന്നീ മാധ്യമങ്ങൾ മലയാളഭാഷയെ മാനനീകരിക്കുന്നതിനു് എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നു് ഉദാഹരണ സഹിതം വിശദീകരിക്കുക. *10*

**Q4.** (a) മൂലദ്രാവിഡ ഭാഷയുടെ സ്വതന്ത്രശാഖയാണു് മലയാളം എന്നു് വാദിക്കുന്ന പണ്ഡിതന്മാർ ആരൊക്കെ ? അവരുടെ വാദം സംഗ്രഹിക്കുക. *20*

(b) ശാസ്ത്ര-സാങ്കേതിക പുരോഗതിയ്ക്കൊപ്പം ഭാഷയിലും വികസനമുണ്ടായാലേ തക്കതായ ശാസ്ത്ര-സാങ്കേതിക ഗദ്യഭാഷ ഉടലെടുക്കാൻ പറ്റൂ. ചർച്ച ചെയ്യുക. *20*

(c) മലയാളത്തിലെ ഉപന്യാസശാഖയെ പോഷിപ്പിച്ചവർ ആരൊക്കെ ? അവരുടെ സംഭാവനകൾ വിലയിരുത്തുക. *10*



munotes.in

## SECTION B

**Q5.** താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും ഏകദേശം **നൂറ്റമ്പത് വാക്കുകളിൽ** ഉത്തരമെഴുതുക : *10×5=50*

(a) കൃഷ്ണഗാഥയിൽ ലയിച്ചുചേർന്ന നാടോടിത്തമുദ്രകൾ എത്രത്തോളം ഉണ്ടെന്നു് കണ്ടെത്തുക. *10*

(b) മലയാള കവിതയിൽ വെണ്മണിപ്രസ്ഥാനം വരുത്തിയ മാറ്റങ്ങൾ സംഗ്രഹിച്ചെഴുതുക. *10*

(c) മലയാള നാടകവേദിയെ സജീവവും ജനകീയവും ആക്കുന്നതിൽ സാമൂഹ്യനാടകങ്ങൾ പ്രധാന പങ്കുവഹിച്ചു. സമർത്ഥിക്കുക. *10*

(d) കാല്പനിക കവിതയിൽ വസന്തകാലം സൃഷ്ടിച്ചതു് ചങ്ങമ്പുഴയാണു്. ശരിയോ ? *10*

(e) പ്രാചീനചമ്പുക്കൾ ഏവ ? അവയുടെ സാഹിത്യപരമായ പ്രത്യേകതകൾ പരിശോധിക്കുക. *10*

**Q6.** (a) കിളിപ്പാട്ട്സാഹിത്യത്തിലെ ഏറ്റവും മികച്ച കൃതികൾ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണവും ഭാരതവും തന്നെ. എന്തുകൊണ്ടു് ? *20*

(b) സാക്ഷാത്ക്കരിക്കാനാകാത്ത പ്രണയത്തിന്റെ കവിയാണു് കുമാരനാശാൻ. ഈ അഭിപ്രായത്തെ വിമർശനപരമായി പരിശോധിക്കുക. *20*

(c) 'പത്രമാസികകൾ മലയാള സാഹിത്യനിരൂപണത്തെ സമ്പന്നമാക്കി.' നിരൂപണത്തിന്റെ ആദ്യകാലത്തെ അടിസ്ഥാനമാക്കി ചർച്ചചെയ്യുക. *10*



munotes.in

**Q7.** (a) നിരണം കൃതികൾ ഏവ ? അവയ്ക്കു മലയാള കവിതാചരിത്രത്തിലുള്ള സ്ഥാനം എന്ത് ? *20*

(b) മലയാളത്തിലെ നിയോക്ലാസിക്കു് കവിതയ്ക്കു് മികച്ച ദൃഷ്ടാന്തമാണു് മഹാകാവ്യങ്ങൾ. ശരിയോ ? വിശദീകരിക്കുക. *20*

(c) ആധുനിക കവിതയുടെ ഏതെല്ലാം പ്രവണതകളാണു് എൻ.എൻ. കക്കാടിന്റെയും സച്ചിദാനന്ദന്റെയും കവിതകളിൽ കാണാനാവുക ? *10*

**Q8.** (a) മലയാളത്തിലെ ചെറുകഥാശാഖയുടെ വളർച്ചയിൽ രാജലക്ഷ്മി, ലളിതാംബിക അന്തർജ്ജനം, മാധവിക്കുട്ടി എന്നീ എഴുത്തുകാരികളുടെ സംഭാവനകൾ വിലയിരുത്തുക. *20*

(b) ഒ.വി. വിജയൻ മലയാളിയുടെ നോവൽസങ്കല്പത്തെ നവീകരിച്ചു എന്നു് പറയാമോ ? വിമർശനപരമായി പരിശോധിക്കുക. *20*

(c) 'തനതു നാടകവേദി മലയാള നാടകപ്രസ്ഥാനത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി.' ഈ പ്രസ്താവന ശരിയോ ? വിശദീകരിക്കുക. *10*

munotes.in